"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - ഭാമിനി കൾച്ചറൽ സൊസൈറ്റിക്ക് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്നും രണ്ടാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.150/2026/CLAD　　　　　തീയതി, തിരുവനന്തപുരം, 21-02-2026

---

പരാമർശം:-
1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ
2. സ.ഉ.(സാധാ) നം.427/2025/സാം.കാ.വ. തീയതി 28.07.2025
3. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 26.12.2025 തീയതിയിലെ എ2-775/25/സാം.വ. നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം കൊട്ടാരക്കരയിൽ പ്രവർത്തിക്കുന്ന ഭാമിനി കൾച്ചറൽ സൊസൈറ്റിയ്ക്ക് വിവിധ പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷം 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പരാമർശം (2) പ്രകാരം പ്രസ്തുത വിഹിതത്തിൽ നിന്നും ഒന്നാം ഗഡുവായി 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഭാമിനി കൾച്ചറൽ സൊസൈറ്റിയ്ക്ക് രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള സ്ഥാപന പ്രസിഡണ്ടിന്റെ അപേക്ഷ പരാമർശം (3) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാമിനി കൾച്ചറൽ സൊസൈറ്റിയ്ക്ക് 2025-26 സാമ്പത്തിക വർഷം 2205-00-102-77-94 (നോൺ പ്ലാൻ) എന്ന പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) രണ്ടാം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധന പ്രകാരം ഭാമിനി കൾച്ചറൽ സൊസൈറ്റിയുടെ കൊട്ടാരക്കര സബ് ട്രഷറിയിലുള്ള STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന മേധാവി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന മേധാവി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

4. കൂടാതെ, അടുത്ത സാമ്പത്തികവർഷം ആദ്യ ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ 2025-26 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രസിഡന്റ്, ഭാമിനി കൾച്ചറൽ സൊസൈറ്റി, രജി: നമ്പർ KLM/TC/76/2013, കൈരളി നഗർ, കൊട്ടാരക്കര, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ. പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്.പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3201630/EDN-D1/6/2025-FIN Dated 10.02.2026)
കരുതൽ ഫയൽ (A2/110/2025-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 21-02-2026 13:56:48